©
കേരള സർക്കാർ
Government of Kerala
2020

Regn. No. KERBIL/2012/45073
dated 5-9-2012 with RNI
Reg. No. KL/TV(N)/634/2018-20

കേരള ഗസറ്റ്

KERALA GAZETTE

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

PUBLISHED BY AUTHORITY

വാല്യം 9 Vol. IX	തിരുവനന്തപുരം, ചൊവ്വ Thiruvananthapuram, Tuesday	2020 ഡിസംബർ 22 22nd December 2020 1196 ധനു 7 7th Dhanu 1196 1942 പൌഷം 1 1st Pousha 1942	നമ്പർ No. 50

PART III

Notifications by Heads of Departments

Commissionerate of Land Revenue

തിരുത്തൽ പരസ്യം

(1)

നമ്പർ എ4-13998/2020. 2020 സെപ്റ്റംബർ 25.

14-7-2020-ലെ കേരള ഗസറ്റ് നമ്പർ 28-ൽ (വാല്യം 9, പാർട്ട്-III) കമ്മീഷണറേറ്റ് ഓഫ് ലാന്റ് റവന്യൂ വിഭാഗത്തിൽ പേജ് നമ്പർ 5204, 5205 എന്നിവയിൽ ക്രമനമ്പർ (21)ആയി പ്രസിദ്ധീകരിച്ച മേൽനമ്പർ പരസ്യത്തിൽ പരേതയുടെ പേര് 'വർക്കി w/o ഏല്യ (ഏല്യാമ്മ)' എന്നതിനു പകരം 'ഏല്യ (ഏല്യാമ്മ) w/o വർക്കി' എന്ന് തിരുത്തി വായിക്കേണ്ടതാണ്.

(2)

നമ്പർ എ4-33381/2019. 2020 സെപ്റ്റംബർ 24.

14-7-2020-ലെ കേരള ഗസറ്റ് നമ്പർ 28-ൽ (വാല്യം 9, പാർട്ട്-III) കമ്മീഷണറേറ്റ് ഓഫ് ലാന്റ് റവന്യൂ വിഭാഗത്തിൽ പേജ് നമ്പർ 5204-ൽ ക്രമനമ്പർ (19)ആയി പ്രസിദ്ധീകരിച്ച മേൽ നമ്പർ പരസ്യത്തിൽ 'ചിയ്യാരം ദേശത്ത് ഒളരി ദേശത്ത്' എന്നതിനു പകരം 'ചിയ്യാരം ദേശത്ത്' എന്നും അവകാശിയായ മകന്റെ പേര് 'റോജൻ ജോൺ' എന്നതിനു പകരം 'റോജൽ ജോൺ' എന്നും പരേതന്റെ വീട്ടുപേര് 'തെക്കേകര ഒളരി' എന്നും ചേർത്ത് തിരുത്തി വായിക്കേണ്ടതാണ്.

(3)

നമ്പർ എ4-11396/2020. 2020 നവംബർ 6.

30-6-2020-ലെ കേരള ഗസറ്റ് നമ്പർ 26-ൽ (വാല്യം 9, പാർട്ട്-III) കമ്മീഷണറേറ്റ് ഓഫ് ലാന്റ് റവന്യൂ വിഭാഗത്തിൽ പേജ് നമ്പർ 4754-ൽ ക്രമനമ്പർ (18) ആയി പ്രസിദ്ധീകരിച്ച മേൽ നമ്പർ പരസ്യത്തിൽ പരേതന്റെ പേര് 'മേലിട്ടി പാലത്തിങ്കൽ ബെന്നി കൊക്കൻ' എന്നതിനു പകരം 'ബെന്നി കൊക്കൻ' എന്നും, അവകാശിയും മൈനർ ആയ കുട്ടിയുടെ രക്ഷിതാവുമായ ഭാര്യയുടെ പേര് 'റിറ്റി മേലിട്ട് പാലത്തിങ്കൽ' എന്നതിനു പകരം 'റിറ്റി ബെന്നി' എന്നും തിരുത്തി വായിക്കേണ്ടതാണ്.

താലൂക്കാഫീസ്, (ഒപ്പ്)
തൃശ്ശൂർ. തഹശീൽദാർ.

Chavakkad Taluk

പരസ്യം

(1)

നമ്പർ എ5-6995/2020. 2020 ആഗസ്റ്റ് 20.

ചാവക്കാട് താലൂക്ക്, പേരകം വില്ലേജിൽ ചുങ്കത്ത് വീട്ടിൽ സി. എൽ. ജോസ് മകൻ ജോഷി ചുങ്കത്ത് എന്നയാൾ 5-7-2020-ൽ മരിച്ചിട്ടുള്ളതാകുന്നു. ടിയാന്റെ പേരിൽ ബാങ്കിലുള്ള 3 ലക്ഷം രൂപ പിൻവലിക്കുന്നതിന് ഒരു അവകാശ സർട്ടിഫിക്കറ്റ് ആവശ്യമുണ്ടെന്ന് കാണിച്ച് ടിയാന്റെ അവകാശികൾ ഈ ആഫീസിൽ ഒരു അപേക്ഷ ബോധിപ്പിച്ചിട്ടുള്ളതാകുന്നു. അപേക്ഷപ്രകാരം അന്വേഷണം നടത്തിയതിൽ താഴെ പറയുന്നവരാണ് അവകാശികളെന്ന് അറിവായിരിക്കുന്നു. അപ്രകാരം ഒരു അവകാശ സർട്ടിഫിക്കറ്റ് കൊടുക്കുന്നതിന് ആർക്കെങ്കിലും ആക്ഷേപമുള്ളപക്ഷം ആയത് ഈ പരസ്യം ഗസറ്റിൽ പ്രസിദ്ധപ്പെടുത്തി 30 ദിവസത്തിനകം ഈ ആഫീസിൽ രേഖാമൂലമായ തെളിവുകൾ സഹിതം നേരിട്ട് ഹാജരാകേണ്ടതാണ്. കാലാവധി കഴിഞ്ഞും തപാൽമാർഗ്ഗമായും ലഭിക്കുന്ന അപേക്ഷകൾ സ്വീകരിക്കുന്നതല്ല.

ക്രമ നമ്പർ	പേര്	മരിച്ചയാളുമായുള്ള ബന്ധം	വയസ്
1	ഉഷജോഷി	ഭാര്യ	50
2	ഷാരോൺ, സി. ജെ.	മകൻ	26
3	ഷോഗൺ, സി. ജെ.	,,	23

(2)

നമ്പർ എ5-6829/2020. 2020 ആഗസ്റ്റ് 20.

ചാവക്കാട് താലൂക്ക്, ഇരിങ്ങപ്രം വില്ലേജിൽ മത്രംകോട്ട് ശിവരാമൻ ഭാര്യ ശാരദ എന്നവർ 7-5-2020-ൽ മരിച്ചിട്ടുള്ളതാകുന്നു. ടിയാളുടെ പേരിൽ ബാങ്കിലുള്ള ₹ 1,00,000-ൽ കുറവായ തുക പിൻവലിക്കുന്നതിന് ഒരു അവകാശ സർട്ടിഫിക്കറ്റ് ആവശ്യമുണ്ടെന്ന് കാണിച്ച് ടിയാളുടെ അവകാശികൾ ഈ ആഫീസിൽ ഒരു അപേക്ഷ ബോധിപ്പിച്ചിട്ടുള്ളതാകുന്നു. അപേക്ഷപ്രകാരം അന്വേഷണം നടത്തിയതിൽ താഴെ പറയുന്നവരാണ് അവകാശികളെന്ന് അറിവായിരിക്കുന്നു. അപ്രകാരം ഒരു അവകാശ സർട്ടിഫിക്കറ്റ് കൊടുക്കുന്നതിന് ആർക്കെങ്കിലും ആക്ഷേപമുള്ളപക്ഷം ആയത് ഈ പരസ്യം ഗസറ്റിൽ പ്രസിദ്ധപ്പെടുത്തി 30 ദിവസത്തിനകം ഈ ആഫീസിൽ രേഖാമൂലമായ തെളിവുകൾ സഹിതം നേരിട്ട് ഹാജരാകേണ്ടതാണ്. കാലാവധി കഴിഞ്ഞും തപാൽമാർഗ്ഗമായും കിട്ടുന്ന അപേക്ഷകൾ സ്വീകരിക്കുന്നതല്ല.

ക്രമ നമ്പർ	പേര്	മരിച്ചവരുമായുള്ള ബന്ധം	വയസ്
1	സുധാകരൻ	മകൻ	55
2	ജയ	മകൾ	50
3	മനോജ്	മകൻ	48
4	അനിൽകുമാർ	,,	42

താലൂക്കാഫീസ്, (ഒപ്പ്)
ചാവക്കാട്. തഹശീൽദാർ.

Mukundapuram Taluk

പരസ്യം

(1)

നമ്പർ സി2-6322/2020. 2020 സെപ്റ്റംബർ 3.

മുകുന്ദപുരം താലൂക്കിൽ പറപ്പൂക്കര വില്ലേജിൽ പറപ്പൂക്കര ദേശത്ത് തട്ടില വീട്ടിൽ കുഞ്ഞുവറീത് മകൻ ജോൺ, ടി. കെ. എന്നയാൾ 9-10-2017-ൽ മരണപ്പെട്ടുവെന്നും ടിയാന്റെ അവകാശികൾക്ക് അനന്തരാവകാശ സർട്ടിഫിക്കറ്റ് കിട്ടേണ്ടതിലേക്ക് പരേതന്റെ ഭാര്യ ലൂസി ജോൺ എന്നവർ ബാങ്കിൽ ഹാജരാക്കുന്നതിനും മറ്റാവശ്യങ്ങൾക്കുമായി സമർപ്പിച്ച അപേക്ഷയെക്കുറിച്ച് അന്വേഷണം നടത്തിയതിൽ താഴെ പറയുന്നവർ മാത്രമാണ് പരേതന്റെ നിയമാനുസൃത അവകാശികളെന്ന് കാണുന്നതിനാൽ അവരെ മാത്രം അവകാശികളായി കാണിച്ചുകൊണ്ട് ഒരു അവകാശ സർട്ടിഫിക്കറ്റ് നൽകുന്നതിൽ ആർക്കെങ്കിലും ആക്ഷേപമുള്ളപക്ഷം ഈ പരസ്യം ഗസറ്റിൽ പരസ്യപ്പെടുത്തിയ തീയതി മുതൽ മുപ്പത് ദിവസത്തിനകം ഈ ഓഫീസിൽ ഹാജരായി രേഖാമൂലം ആക്ഷേപം തെളിയിക്കേണ്ടതാണ്. തപാൽമാർഗ്ഗമോ നിശ്ചിത കാലാവധിക്കുശേഷമോ സമർപ്പിക്കപ്പെടുന്ന അപേക്ഷകൾ സ്വീകരിക്കുന്നതല്ല.